# ഔപചാരികവും അനൗപചാരികവുമായ മതവിദ്യാഭ്യാസം – പ്രശ്നങ്ങളും സാധ്യതകളും

ചെറിയമുണ്ടം അബ്ദുൽഹമീദ്

**കേരളത്തിൽ** പതിനായിരക്കണക്കിന് പ്രാഥമിക മദ്റസകളും നൂറുകണക്കിന് ഉന്നതമതപാഠശാലകളും പ്രവർത്തിച്ചുവരുന്നതിനെ ആശങ്കയോടെയോ അനിഷ്ടത്തോടെയോ വീക്ഷിക്കുന്ന ഒട്ടേറെ വിഭാഗങ്ങൾ ഇവിടെയുണ്ട്. സംഘ്പരിവാറും മുഖ്യധാരാ രാഷ്ട്രീയകക്ഷികളും ഇതിൽ ഉൾപ്പെടുന്നു. മുസ്‌ലിം തലമുറകൾ ഭൂരിപക്ഷത്തിന്റെ സംസ്കാരത്തിൽ ലയിച്ചുചേരേണ്ടതാണെന്ന് പരസ്യമായും രഹസ്യമായും പ്രചരിപ്പിക്കുന്ന സംഘ്പരിവാർ മദ്റസകളെ ഭീകരപരിശീലനകേന്ദ്രങ്ങളായി ചിത്രീകരിക്കുകയും അവ അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തുതുടങ്ങിയിട്ട് കാലം കുറേയായി.

ഇവിടത്തെ മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ സംഘ്പരിവാറിന്റെ വർഗീയ അജണ്ടയെ എതിർക്കുന്നവരായതിനാൽ അവർ മദ്റസകൾക്കെതിരിൽ പരസ്യവിമർശനവുമായി മുന്നോട്ടു വരാറില്ല. എന്നാലും മുസ്‌ലിംകൾ മതപഠനത്തോട് ഏറെ ഔത്സുക്യം കാണിക്കുന്നത് അവർ ദേശീയധാരയിൽനിന്ന് അകലാൻ കാരണമാകുമെന്ന് അവരിൽ പലരും കരുതുന്നു. വിദ്യാഭ്യാസത്തെ പൂർണമായി നിർമതവൽക്കരിക്കണമെന്ന് നിർബന്ധമുള്ളവരാണ് കമ്യൂണിസ്റ്റ് പാർട്ടികളിലെ പ്രമുഖരെല്ലാം. പക്ഷേ, ചില മുസ്‌ലിം സംഘടനകൾ ഇടതുപക്ഷത്തോട് അടുപ്പം പുലർത്തുന്ന സാഹചര്യത്തിൽ മതവിദ്യാഭ്യാസത്തിനെതിരിൽ പരസ്യമായ നിലപാട് സ്വീകരിക്കാൻ അവർക്ക് വിഷമമുണ്ട്. അതുകൊണ്ടാണ് ഏറ്റവും നല്ല സമയം പൊതുവിദ്യാഭ്യാസത്തിന് ലഭ്യമാക്കുക എന്ന ന്യായം പറഞ്ഞ്, സ്കൂൾ സമയം 8.30 മുതൽ 3.30 വരെയാക്കണമെന്ന് നിർദേശിച്ചുകൊണ്ട്, മദ്റസാ വിദ്യാഭ്യാസത്തിന് സമയം നിഷേധിക്കാൻ പരോക്ഷമായ ശ്രമം നടത്തുന്നത്.

സ്കൂൾ വിദ്യാഭ്യാസത്തിന് നിലവിലുള്ള സമയം അപര്യാപ്തമാണെന്നോ, ദിവസേന ഒന്നോ ഒന്നരയോ മണിക്കൂർ കൂടി വർധിപ്പിച്ചാൽ നിലവാരം ഏറെ മെച്ചപ്പെടുമെന്നോ വിദഗ്ധ പഠനങ്ങളിൽ തെളിഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പ്രൈമറി വിദ്യാർഥികളെ സംബന്ധിച്ചേടത്തോളം തുടർച്ചയായി മൂന്നു മണിക്കൂറിലധികം ക്ലാസ് മുറികളിൽ ചടഞ്ഞുകൂടുന്നത് അവരുടെ പഠന ഔത്സുക്യം നഷ്ടപ്പെടുത്താനാണ് സാധ്യത. പഠനസമയം വർധിപ്പിക്കാതെ അവധിദിനങ്ങൾ അൽപം കുറക്കുന്നതായിരിക്കും കുട്ടികളുടെ അധ്വാനഭാരം ലഘൂകരിക്കാനും ഊർജസ്വലത നിലനിർത്താനും ഉപയുക്തമായ മാർഗം. ഒമ്പത്, പത്ത് ക്ലാസ്സുകളിൽ ആവശ്യമെങ്കിൽ പഠനസമയം ഒന്നോ രണ്ടോ മണിക്കൂർ വർധിപ്പിക്കാവുന്നതാണ്. അപ്പോഴേക്കും കുട്ടികൾ ശാരീരികമായും മാനസികമായും കൂടുതൽ കരുത്താർജിച്ചിരിക്കുമല്ലോ.

മദ്റസാ വിദ്യാഭ്യാസ സമ്പ്രദായത്തെയും അതിന്റെ സമയത്തെയും ഉള്ളടക്കത്തെയും പ്രയോജനത്തെയും സംബന്ധിച്ച് വീക്ഷണവ്യത്യാസങ്ങളുണ്ടാകാം. എന്തൊക്കെയായാലും മുസ്‌ലിം തലമുറകളിൽ മതബോധം നിലനിർത്തുന്നതിന് മദ്റസകൾ ഒരളവോളം സഹായകമാകുന്നു എന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല. പരിമിതമായ സമയംകൊണ്ട് ഖുർആൻ പാരായണവും ഏതാനും ഇസ്‌ലാമിക പാഠങ്ങളും മാത്രമേ കുട്ടികൾക്ക് പഠിക്കാൻ കഴിയുന്നുള്ളൂവെങ്കിൽപോലും അത് നിസ്സാരമായി ഗണിക്കാവുന്ന കാര്യമല്ല. മദ്റസാ വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കേണ്ടതില്ലെന്നല്ല ഇതിനർഥം. മദ്റസകൾക്കുവേണ്ടി മുസ്‌ലിം സമൂഹം ചെലവഴിക്കുന്ന പണത്തിനും സാധാരണക്കാർ അവയെ സംബന്ധിച്ച് പുലർത്തുന്ന പ്രതീക്ഷക്കുമനുസരിച്ച് അവ പ്രയോജന ക്ഷമമാകുന്നില്ല എന്നത് ഒരു സത്യമാണ്.

അഞ്ചുമുതൽ പത്തു വരെ വയസ്സുള്ള കുട്ടികളാണ് അധിക മദ്റസകളിലും പഠിക്കുന്നത്. അവരിൽ മതവിശ്വാസവും ധാർമികബോധവും ഊട്ടിയുറപ്പിക്കാൻ എന്തെല്ലാം കാര്യങ്ങൾ ഏതൊക്കെ രീതിയിൽ പഠിപ്പിക്കുന്നതായിരിക്കും കൂടുതൽ ഫലപ്രദമാവുക എന്നതിനെക്കുറിച്ച് വേണ്ടത്ര പഠനം നടത്തിയിട്ട് ആവിഷ്കരിക്കപ്പെട്ടതല്ല നിലവിലുള്ള മദ്റസാ പാഠ്യപദ്ധതികൾ എന്നതാണ് ഒരു പ്രധാന പോരാ

യ്മ. അല്ലാഹുവിന്റെ സ്വിഫതുകൾ അഥവാ ഗുണവിശേഷങ്ങളും, വുദൂവിന്റെയും നമസ്കാരത്തിന്റെയും മറ്റും ശർത്വുകളും ഫർദുകളും സുന്നത്തുകളും എണ്ണിപ്പറിച്ച് മനഃപാഠമാക്കാൻ കുട്ടികളുടെ ഒട്ടേറെ സമയം വിനിയോഗിക്കപ്പെടുന്നു. നല്ല ഓർമശക്തിയുള്ള കുട്ടികൾ പോലും കുറച്ചുകാലം കഴിയുമ്പോഴേക്ക് ഇതൊക്കെ മറന്നുപോകുന്നു. അതിനുപകരം നബി(സ) വുദൂ ചെയ്തതും നമസ്കരിച്ചതും എങ്ങനെയാണെന്ന് കുട്ടികൾക്ക് വിവരിച്ചു കൊടുക്കുകയും പ്രായോഗികമായി ചെയ്തുകാണിക്കുകയും അതുപോലെ ചെയ്യാൻ പരിശീലിപ്പിക്കുകയും ചെയ്താൽ അത് അവർ വളരുമ്പോഴും മറക്കാത്ത അനുഭവമാക്കാൻ സാധിച്ചേക്കും. *സൂറത്തുൽ ഇഖ്‌ലാസി*ലും *സൂറത്തുൽ മുൽകി*ലും *ആയത്തുൽ കുർസിയ്യി*ലും മറ്റും അല്ലാഹുവെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ വിവരിച്ചുകൊടുക്കുന്നതായിരിക്കും ബാലമനസ്സുകളിൽ വിശ്വാസം പ്രബലമാക്കാൻ കൂടുതൽ സഹായകരമായിരിക്കുക. വിശ്വാസപ്രമാണങ്ങൾ, കർമാനുഷ്ഠാനങ്ങൾ, ഇസ്‌ലാമിക ചരിത്രം എന്നീ വിഷയങ്ങളിലെ പല മദ്റസാ പാഠപുസ്തകങ്ങളും ബാലമനസ്സുകളോട് ഫലപ്രദമായി സംവദിക്കുന്നതും കുട്ടികളിൽ നല്ല പ്രതിഫലനമുണ്ടാക്കാൻ പര്യാപ്തവുമാണോ എന്ന് സംശയമാണ്.

മറ്റൊരു പ്രധാന ന്യൂനത തെറ്റായ ചിന്താഗതികളും ദുഷ്പ്രവണതകളും ഏറെ സ്വാധീനം ചെലുത്താൻ തുടങ്ങുന്ന കൗമാരപ്രായമാകുന്നതിനു മുമ്പ് പത്താമത്തെയോ കൂടിയാൽ പന്ത്രണ്ടാമത്തെയോ വയസ്സിൽ കുട്ടികൾ മദ്റസകളോട് വിടപറയുകയും അവർക്ക് മതപരമായ തുടർ വിദ്യാഭ്യാസം ലഭിക്കാതെ പോവുകയും ചെയ്യുന്നു എന്നതാണ്. യഥാർഥത്തിൽ വിശ്വാസവും ധർമബോധവും മനസ്സിൽ രൂഢമൂലമാകേണ്ടത് കൗമാരത്തിലും യൗവനാരംഭത്തിലുമാണ്. സെക്കന്ററി, ഹയർസെക്കന്ററി തലങ്ങളിൽ വിദ്യാർഥികൾ ഒട്ടേറെ ഭൗതിക പ്രസ്ഥാനങ്ങളുടെയും പ്രിന്റ്-ഇലക്ട്രോണിക് മാധ്യമങ്ങളുടെയും ദുഃസ്വാധീനങ്ങൾക്ക് വശംവദരാകുന്നു. ദൈവനിഷേധത്തിന്റെയും മതനിരാസത്തിന്റെയും പ്രചാരണങ്ങളാലും അവർ സ്വാധീനിക്കപ്പെട്ടുകൂടായ്കയില്ല. അതിനാൽ ഈ ഘട്ടത്തിൽ മുസ്‌ലിം വിദ്യാർഥികൾക്ക് ഇസ്‌ലാമിന്റെ മൗലികത ബോധ്യപ്പെടുത്താനുതകുന്ന ഔപചാരികമോ അനൗപചാരികമോ ആയ മതവിദ്യാഭ്യാസം അനിവാര്യമാകുന്നു.

ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന അനൗപചാരിക മതവിദ്യാഭ്യാസമാണ് അപച്യുതികളിൽനിന്നും വ്യതിയാനങ്ങളിൽനിന്നും മുക്തമായ ആദർശ ജീവിതം തുടരാൻ കൂടുതൽ സഹായകമാവുക. നബി(സ)യുടെയും സ്വഹാബിമാരുടെയും കാലത്ത് മദ്റസകളോ മതപാഠശാലകളോ ഉണ്ടായിരുന്നില്ല. മതപ്രഭാഷണപരമ്പരകളോ മതപഠനക്യാമ്പുകളോ ഉണ്ടായിരുന്നില്ല. എന്നിട്ടും അന്ന് വിശ്വാസികളെല്ലാം ഇസ്‌ലാമിനെ സംബന്ധിച്ച് മൗലികമായ അറിവുള്ളവരായിരുന്നു. നീതിനിഷ്ഠയിലും ധർമബോധത്തിലും അവർ ഏത് ഇസ്‌ലാമിക തലമുറകളേക്കാളും മികവുള്ളവരായിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന അനിതരമായ അനൗപചാരിക വിദ്യാഭ്യാസരീതിയാണ് ഈ അവസ്ഥയിൽ അവരെ എത്തിച്ചത്.

ഖുർആൻ സൂക്തങ്ങൾ ഉദ്ധരിച്ചുകൊണ്ട് നബി(സ) നിർവഹിച്ച ജുമുഅ-പെരുന്നാൾ ഖുത്വ്ബകൾ, മറ്റ് അവസരങ്ങളിൽ അദ്ദേഹം നടത്തിയ സാന്ദർഭികമായ ഉദ്ബോധനങ്ങൾ, മദീനയിലെ പള്ളിയിലെ സദസ്സുകളിൽ അനുചരന്മാരുടെ ചോദ്യങ്ങൾക്ക് അദ്ദേഹം നൽകിയ മറുപടികൾ, അവരുടെ സംശയനിവാരണത്തിനായി അദ്ദേഹം നൽകിയ വിശദീകരണങ്ങൾ, നബി(സ)യുടെ പ്രവൃത്തികൾ നിരീക്ഷിക്കുകയും വചനങ്ങൾ കേൾക്കുകയും ചെയ്ത അനുചരന്മാർ ഇതരർക്ക് നൽകിയ വിവരണങ്ങൾ എന്നിവയിലൂടെയാണ് സ്വഹാബിമാരുടെ കാലത്ത് മതവിജ്ഞാനം പ്രചരിപ്പിച്ചത്. അതിനുശേഷവും കുറേ തലമുറകളിൽ ഈ രീതിയിലുള്ള വിജ്ഞാനവിനിമയം വിജയകരമായി നിർവഹിക്കപ്പെടുകയുണ്ടായി. ഇന്നും ഈ വിധത്തിലുള്ള വിജ്ഞാനവിനിമയത്തിന്, അഥവാ സാർവത്രികമായ അനൗപചാരിക മതവിദ്യാഭ്യാസത്തിനുള്ള സാധ്യത തുറന്നുകിടക്കുന്നുണ്ട്.

നമ്മുടെ പള്ളി ഇമാമുകൾ, ഖത്വീബുമാർ, മദ്റസകളിലെ പ്രാപ്തരായ അധ്യാപകർ എന്നിവർ ജനങ്ങൾക്ക് സത്യസന്ദേശം എത്തിച്ചുകൊടുക്കുന്നതിൽ തൽപരരാവുകയും ലഭ്യമാകുന്ന അവസരങ്ങളും സൗകര്യങ്ങളും ഉപയോഗിച്ച് ദീൻ പഠിക്കണമെന്ന ആഗ്രഹം സത്യവിശ്വാസികൾക്കിടയിൽ വ്യാപകമാവുകയും ചെയ്താൽ ദീനീവിജ്ഞാനത്തിന്റെ അഭൂതപൂർവമായ വ്യാപനം ഇവിടെയും നടക്കുമെന്ന് ന്യായമായും പ്രതീക്ഷിക്കാവുന്നതാണ്. അത്തരമൊരു സാഹചര്യത്തിൽ മദ്റസാ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതകൾ സമൂഹത്തിന്റെ ദീനീപ്രബുദ്ധതയെ അധികമൊന്നും ബാധിക്കാനിടയില്ല. ഇപ്പോൾ ഖുർആനും ഹദീസും വിശദമായി പഠിക്കാൻ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിൽനിന്നുമുള്ളവർ കാണിക്കുന്ന താൽപര്യം ഈ വിഷയത്തിൽ ശുഭപ്രതീക്ഷ നൽകുന്ന കാര്യമാകുന്നു. മദ്റസകളിൽ പഠിപ്പിക്കാൻ വേണ്ടത്ര അധ്യാപകരെ ലഭിക്കാത്ത വിഷമം പരിഹരിക്കാനും ഇത് സഹായകമായേക്കും.

മദ്റസാ വിദ്യാഭ്യാസത്തിന് ഏറ്റവും അനുയോജ്യമായ സമയം രാവിലെ തന്നെയാണ്. ഈ വിഷയത്തിൽ മുസ്‌ലിം സംഘടനകൾക്കിടയിൽ വലിയ തർക്കത്തിന് ഇടയുണ്ടാവില്ലെന്നാണ് തോന്നുന്നത്. അതിനാൽ എല്ലാ സംഘടനകളുടെയും നേതാക്കൾ ഒത്തുചേർന്ന് സ്കൂൾ സമയം മാറ്റരുതെന്ന് സർക്കാറിനോട് ശക്തമായി ആവശ്യപ്പെടേണ്ടതാണ്. എന്നിട്ടും സർക്കാർ നിലപാട് അനുകൂലമാകുന്നില്ലെങ്കിൽ കാലത്ത് ആറുമുതൽ എട്ടുവരെയോ വൈകുന്നേരം നാലു മുതൽ ആറുവരെയോ ആയി മദ്റസാ പാഠ്യസമയം ക്രമീകരിക്കാവുന്നതാണ്. ചില പ്രദേശങ്ങളിൽ ഇതിനുമുമ്പും ഉച്ചക്ക് ശേഷമോ സന്ധ്യക്ക് ശേഷമോ മദ്റസകൾ നടത്തിപ്പോന്നിട്ടുണ്ട്. ദിനേന രണ്ടു മണിക്കൂർ നേരം മദ്റസാ ക്ലാസ്സുകൾ നടത്താൻ പറ്റുന്നില്ലെങ്കിൽ ഒന്നര മണിക്കൂറാക്കി ചുരുക്കി ആ വകയിൽ വരുന്ന കുറവ് ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും മൂന്ന്-മൂന്നര മണിക്കൂർ ക്ലാസ് നടത്തിക്കൊണ്ട് പരിഹരിക്കാവുന്നതാണ്. തുടർ വിദ്യാഭ്യാസത്തിന് ഞായറാഴ്ചകൾ കൂടുതൽ ഉപയോഗപ്പെടുത്താവുന്നതുമാണ്.

ഇസ്‌ലാമിക വിദ്യാഭ്യാസം ഔപചാരികമായാലും അനൗപചാരികമായാലും 'ഹനീഫൻ മുസ്‌ലിമൻ' എന്ന് പറയുന്നതിനോട് നീതി പുലർത്താൻ പഠിപ്പിച്ചില്ലെങ്കിൽ, അഥവാ വക്രതയില്ലാത്ത, നേരെ ചൊവ്വെയുള്ള ഒരു ജീവിതം നയിച്ചാൽ മാത്രമേ ആരും യഥാർഥ മുസ്‌ലിമാകൂ എന്ന് പഠിപ്പിച്ചില്ലെങ്കിൽ മതവിദ്യാഭ്യാസം തലമുറകളെ സംസ്കരിക്കുന്നതിന് പര്യാപ്തമായില്ലെന്നു വരാം. ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറഞ്ഞുകഴിഞ്ഞാൽ പിന്നെ വേണ്ടത് ഇസ്തിഖാമഃ (നേരെ ചൊവ്വെ നിലകൊള്ളൽ) ആണെന്ന് 41:30, 46:13 എന്നീ ഖുർആൻ സൂക്തങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. 'വക്രതയില്ലാത്ത നേർക്കുനേരെയുള്ള മാർഗത്തിലേക്ക് ഞങ്ങളെ നയിക്കേണമേ' എന്നാണല്ലോ നമസ്കാരത്തിൽ നാം പ്രാർഥിക്കുന്നത്. വളഞ്ഞവഴിയിലേക്ക് നീങ്ങാൻ തീരുമാനിച്ചതിനുശേഷം അങ്ങനെ പ്രാർഥിക്കുന്നതിന്റെ വ്യർഥത നമ്മുടെ മതപാഠ്യപദ്ധതിയുടെ ഭാഗമാകാറുണ്ടോ എന്നത് ഒരു വലിയ പ്രശ്നമാണ്. ഭൗതികമായ നിലനിൽപിനുവേണ്ടി പല വളഞ്ഞവഴികളും സ്വീകരിക്കാം എന്ന് ചില മതനേതാക്കൾ അനുയായികളെ പഠിപ്പിക്കുന്ന കാലത്ത് ഇസ്തിഖാമക്ക് ഊന്നൽ നൽകുന്ന മതാധ്യാപനം എത്രത്തോളം നടക്കും എന്നതും ഒരു പ്രശ്നമാണ്. ■